# NEWS PAPER CUTTINGS ON 09.11.2023 IN KOZHIKODE RURAL

## MATHRUBHUMI DAILY

**Arrest of** CPI Maoist cadre Aneesh babu - produced before Hon'ble District judge, Kozhikode

### അറസ്റ്റിലായ മാവോവാദി പ്രവർത്തകൻ അഞ്ചുലക്ഷം ഇനാം പ്രഖ്യാപിച്ച കുറ്റവാളി

കൊയിലാണ്ടി ► കൊയിലാണ്ടിയിൽനിന്നു ചൊവ്വാഴ്ച പോലീസ് അറസ്റ്റ് ചെയ്ത മാവോവാദി പ്രവർത്തകൻ ഒട്ടേറെ കേസുകളിൽ ഉൾപ്പെട്ട കുറ്റവാളിയാണെന്ന് പോലീസ്. തമിഴ്നാട് തിരുനൽവേലി സ്വദേശി തമ്പി എന്ന അനീഷ് ബാബുവാണ് (29) റെയിൽവേസ്റ്റേഷന് സമീപം പിടിയിലായതെന്നാണ് പോലീസ് പറയുന്നത്. അഞ്ചു ലക്ഷം രൂപ ഇനാംപ്രഖ്യാപിച്ച കുറ്റവാളിയാണെന്നും പോലീസ് പറഞ്ഞു.

സി.പി.ഐ. (മാവോയിസ്റ്റ്) പീപ്പിൾസ് ലിബറേഷൻ ഗറില്ല ആർമി (പി.എൽ.ജി.എ.) കേഡറായ അനീഷ് ബാബുവിനെ മാവോവാദികൾക്കെതിരായ പ്രത്യേക ഓപ്പറേഷൻ ഗ്രൂപ്പാണ് അറസ്റ്റ്ചെയ്തത്.

കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ അതീവരഹസ്യമായി ഉന്നത പോലീസ് ഉദ്യോഗസ്ഥർ ദീർഘനേരം ചോദ്യംചെയ്തു. പ്രത്യേക അന്വേഷണ സംഘത്തെ കൂടാതെ എൻ.ഐ.എ.യും തമിഴ്നാട് ക്യൂബ്രാഞ്ച് സംഘവും ചോദ്യംചെയ്തു. വടകര ഡിവൈ.എസ്.പി. ആർ. ഹരിപ്രസാദും ചോദ്യംചെയ്യലിൽ പങ്കാളിയായി. സ്റ്റേഷന്റെ ഗേറ്റ് പൂട്ടിയശേഷം തണ്ടർ ബോൾട്ട് സംഘം കാവൽനിന്നു.

കോയമ്പത്തൂരിൽനിന്ന് ചൊവ്വാഴ്ച വൈകീട്ട് കൊയിലാണ്ടിയിൽ എത്തിയപ്പോഴാണ് പ്രത്യേക അന്വേഷണസംഘം അനീഷിനെ പിടിച്ചത്. പോലീസ് പിന്തുടർന്നെത്തിയെന്നാണ് വിവരം. അനീഷ് ബാബുവിന് ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകൾ നന്നായി അറിയാമെന്നും പോലീസ് സൂചനനൽകി.

ചൊവ്വാഴ്ച രാത്രി ഒരു മണിയോടെ അറസ്റ്റ് രേഖപ്പെടുത്തി അതിസുരക്ഷയോടെയാണ് കൊയിലാണ്ടി താലൂക്കാശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് എത്തിച്ചത്. കാഷ്വാലിറ്റിയിൽ ഉണ്ടായിരുന്ന രോഗികളെയും ബന്ധുക്കളെയും അവിടെനിന്ന് മാറ്റിയിരുന്നു.

ബുധനാഴ്ച മലപ്പുറം അരീക്കോട് എം.എസ്.പി. ക്യാമ്പിൽ എത്തിച്ച് പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്യാനായിരുന്നു ആദ്യ നീക്കം. എന്നാൽ പിന്നീട് കൊയിലാണ്ടി സ്റ്റേഷനിൽ തന്നെ ചോദ്യം ചെയ്തു.



▶ മാവോവാദിബന്ധം ആരോപിച്ച് ചൊവ്വാഴ്ച പിടികൂടിയ തമ്പിയെന്ന അനീഷ് ബാബുവിനെ ബുധനാഴ്ച രാത്രി കോഴിക്കോട് ജില്ലാ ജഡ്ജി പി. മോഹനകൃഷ്ണന്റെ മുമ്പിൽ ഹാജരാക്കാൻ കൊണ്ടുവന്നപ്പോൾ

## MALAYALA MANORAMA DAILY

**Increasing Suicide rate and Voluntary retirement in Police Dept-**

### പൊലീസിലെ ആത്മഹത്യ, സ്വയം വിരമിക്കൽ : പരിഹാരമില്ലാതെ പ്രതിസന്ധി തുടരുന്നു

■ ആൾക്ഷാമം മാറാതെ രക്ഷയില്ലെന്നു വിശദീകരണം

മനോരമ ലേഖകൻ



തിരുവനന്തപുരം ● പൊലീസിൽ ആത്മഹത്യയും സ്വയം വിരമിക്കലും വർധിക്കുമ്പോഴും പരിഹാരം കണ്ടെത്താനാകാതെ ഉന്നത ഉദ്യോഗസ്ഥർ. ക്രൈം കോൺഫറൻസിൽ കണക്കുകൾ സഹിതം ഇക്കാര്യം ചർച്ച ചെയ്തെങ്കിലും ആൾക്ഷാമം പരിഹരിക്കാതെ മാർഗമില്ലെന്നാണു വിലയിരുത്തൽ.

സ്റ്റേഷനുകളിലെ അമിത ജോലിഭാരവും ആളില്ലാതെ പുതിയ പദ്ധതികൾ നടപ്പാക്കുന്നതും കുറ്റാന്വേഷണത്തെയും ക്രമസമാധാന പരിപാലനത്തെയും ബാധിക്കുന്നതായി ഉദ്യോഗസ്ഥർ പറഞ്ഞു.

കേരള പൊലീസിൽ 4 വർഷത്തിനിടെ 69 പേർ ആത്മഹത്യ ചെയ്തു. 12 പേർ ആത്മഹത്യാശ്രമവും നടത്തി.

2019 ജനുവരി മുതൽ 2023 ഓഗസ്റ്റ് 30 വരെയുള്ള കണക്കാണു ഉന്നതതല യോഗത്തിൽ അവതരിപ്പിച്ചത്.

ഇവരിൽ 32 സിവിൽ പൊലീസ് ഓഫിസർമാർ, 8 എഎസ്ഐ, 12 എസ്ഐ, ഒരു ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടും. തിരുവനന്തപുരം റൂറലിലാണ് കൂടുതൽ ആത്മഹത്യ- 10 പേർ. രണ്ടാമത് ആലപ്പുഴയും എറണാകുളം റൂറലും-7 പേർ വീതം. അമിത ജോലിയുടെ സമ്മർദമാണു പ്രധാനകാരണം.

4 വർഷത്തിനിടെ സ്വയം വിരമിക്കലിന് അപേക്ഷിച്ചത് 169 പൊലീസുകാരാണ്. കോഴിക്കോട് സിറ്റിയിൽ നിന്നാണ് കൂടുതൽ-22 പേർ.

മലപ്പുറത്തു നിന്ന് 18 പേരും കോട്ടയത്തു നിന്ന് 15 പേരും അപേക്ഷ നൽകി. മേലുദ്യോഗസ്ഥരുടെ മോശമായ ഇടപെടൽ കാരണം സ്വയം വിരമിക്കലിന് അപേക്ഷ നൽകിയവരുമുണ്ട്.

16 മണിക്കൂർവരെ ജോലി ചെയ്യേണ്ട സാഹചര്യം മിക്ക സ്റ്റേഷനിലുമുണ്ട്. ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിക്കണമെന്ന ആവശ്യം ഉന്നയിക്കാൻ മുഖ്യമന്ത്രിയെ ഭയന്ന് സംഘടനകൾ തയാറാകുന്നില്ലെന്നാണു പൊലീസുകാരുടെ പരാതി.